**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2279** **01-09-2022 - ൽ മറുപടിയ്ക്ക്**

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര സർക്കാരിന്റെ പുതിയ ഉത്തരവ് പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി ഒരു ഗ്രാമപഞ്ചായത്തിൽ ഒരേ സമയം 20 പ്രവൃത്തികൾ ഏറ്റെടുത്താൽ മതി എന്നത് സംസ്ഥാനത്തിലെ തൊഴിലുറപ്പ് പ്രവർത്തനങ്ങളെ എപ്രകാരം ബാധിക്കുന്നു എന്നത് സംബന്ധിച്ച് എന്തെങ്കിലും പ്രാഥമിക വിലയിരുത്തലുകൾ വകുപ്പ് നടത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. രാജ്യത്തിലെ മറ്റ് പല സംസ്ഥാനങ്ങളിലെ പഞ്ചായത്തുകളിൽ നിന്നും വ്യത്യസ്തമായി കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ ജനസംഖ്യയിൽ വളരെ വലുതാണ്. ഓരോ ഗ്രാമപഞ്ചായത്തിലും ശരാശരി 2700-ൽ ഏറെ സജീവ കുടുംബങ്ങൾ തൊഴിൽ തേടുന്നവരായിട്ടുണ്ട്. ഇവരുടെ തൊഴിൽ ആവശ്യം നിറവേറ്റുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് ശരാശരി ഒരു വർഷം 470 പ്രവൃത്തികൾ എങ്കിലും ഏറ്റെടുക്കേണ്ടി വരും. ആയതിനാൽ കേന്ദ്രസർക്കാരിന്റെ ടി മാർഗ്ഗനിർദ്ദേശം തൊഴിലാളികൾ തൊഴിൽ ഡിമാന്റ് ചെയ്യുന്നതിന് അനുസൃതമായി തൊഴിൽ നൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതാണ്. തൊഴിൽ ആവശ്യപ്പെടുകയും എന്നാൽ തൊഴിൽ നൽകാൻ സാധിക്കാതെ വരികയുമാണെങ്കിൽ തൊഴിലുറപ്പ് നിയമപ്രകാരം സംസ്ഥാനം തൊഴിലില്ലായ്മ വേതനം നൽകുന്നതിനുള്ള സാഹചര്യവും സൃഷ്ടിക്കപ്പെടും. |
| (ബി) | ഈ പരിഷ്കരണം മൂലം സംസ്ഥാനത്തിന് നഷ്ടപ്പെടുന്ന തൊഴിൽ ദിനങ്ങളുടെ എണ്ണം എത്രയായിരിക്കും? | (ബി) | നഷ്ടപ്പെടുന്ന തൊഴിൽ ദിനങ്ങളുടെ എണ്ണം കണക്കാക്കിയിട്ടില്ല. എന്നാൽ, ഈ പരിഷ്കരണം പുന:പരിശോധിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്രസർക്കാരിന് ചീഫ് സെക്രട്ടറി കത്ത് അയച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ